# പതിമൂന്നാം കേരള നിയമസഭ
## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4453 22/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) കേരളത്തിലെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 2014-15 ബജറ്റിൽ നീക്കിവെച്ചിരുന്ന 177.40 കോടി രൂപയിൽ എത്ര തുക ഇതുവരെ അനുവദിച്ചുവെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) കേരളത്തിലെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി 2014-15 ബജറ്റിൽ നീക്കിവെച്ചിരുന്ന 177.40 കോടി രൂപയിൽ 178.76 കോടി രൂപ സർക്കാർ അനുവദിക്കുകയും 139 കോടി രൂപ ചെലവാക്കുകയും ചെയ്തു. |
| (ബി) ഈ തുക ഉപയോഗിച്ച് മത്സ്യമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് തീരുമാനിച്ചിരുന്നത്; ഇതിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിൽ വരുത്താതെ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) ഈ തുക ഉപയോഗിച്ച് മത്സ്യമേഖലയിൽ നടത്താൻ തീരുമാനിച്ചിരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ.<br>2. തൃശ്ശൂരിലെ കോൾ നിലങ്ങളിലും കുട്ടനാട്ടിലെ നെൽവയലുകളിലും സംയോജിത മത്സ്യകൃഷി നടപ്പിലാക്കൽ.<br>3. ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും.<br>4. മത്സ്യസമൃദ്ധി പദ്ധതി<br>5. നൂതന മത്സ്യകൃഷി ആരംഭിക്കുന്നതിനുള്ള മാതൃകാ മത്സ്യ ഫാമുകൾ.<br>6. കടൽ മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും<br>7. NFWF സഹായത്തോടെയുള്ള മത്സ്യത്തൊഴിലാളി ഭവന പദ്ധതി.<br>8. മത്സ്യബന്ധന വലകൾക്ക് ആവശ്യമായ അനുസാരികകൾ വാങ്ങുന്നതിനുള്ള സബ്സിഡി. |

9. മത്സ്യത്തിന്റെ മൂല്യവർദ്ധനവും വിപണനവും.
10. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി മത്സ്യകോളനികളുടെയും റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെയും പുനരുദ്ധാരണം.
11. ഫിഷറീസ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും വിജ്ഞാപന വ്യാപനവും.
12. മത്സ്യത്തൊഴിലാളികൾക്ക് ബാങ്ക് വായ്പയിൻമേലുള്ള സബ്സിഡി നൽകൽ.
13. എൻ.സി.ഡി.സി സഹായത്തോടെയുള്ള ഫിഷറീസ് വികസന പദ്ധതി.
14. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തൽ
15. മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തൽ.
16. ഫിഷറീസ് വകുപ്പിൽ ഇൻഫർമേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തൽ.
17. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശ രഹിത വായ്പ
18. തീര മൈത്രി പദ്ധതി
19. മത്സ്യകൃഷി പരിശീലന കേന്ദ്രം സ്ഥാപിക്കൽ
20. ഫിഷറീസ് സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ
21. NBCFDC, NFDFC ലോണുകളിൻമേലുള്ള സീഡ് കാപിറ്റൽ നൽകൽ.
22. സമ്പാദ്യ സമാശ്വാസ പദ്ധതി
23. നാടൻ വള്ളങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കൽ
24. കേന്ദ്ര സഹായത്തോടെയുള്ള ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കൽ

ഇതിൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള insurance പരിരക്ഷ ഏർപ്പെടുത്തൽ, നാടൻ വള്ളങ്ങൾക്ക് മോട്ടോർ ഘടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിൽ വരുത്താതെ അവശേഷിക്കുന്നു.

**സെക്ഷൻ ആഫീസർ**